MANAGEMENT & INFORMATION TECHNOLOGY

നിർവഹിക്കുന്നു.

## ...നാർ സംഘടിപ്പിച്ചു

...ഫയർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ജെ...ാഗികൾക്കു മെഡിക്കൽ കിറ്റ് വിതരണ...ഘടിപ്പിച്ചു.
...ർ റിസോഴ്സ് പേഴ്സൻ ശാലിനി ജോ...ടശേരി പഞ്ചായത്താംഗം നിഖിൽ ചന്ദ്ര...പ്പുരോഗികൾക്കുള്ള മെഡിക്കൽ കിറ്റു ...ാമൂഹികാരോഗ്യ കേന്ദ്രം പാലിയേറ്റീവ് ...കൈമാറിക്കൊണ്ട് ഡ്രൈവേഴ്സ് വെൽ...ർ. ഔസേപ്പുകുട്ടി നിർവഹിച്ചു. ഷൈ...ില, മമി പുഷ്പാകരൻ, സിന്ധു ജോൺ ...ആര്യാടൻ, ടി.എൻ. ജോഷി, പി.ആർ. ...ഭുവനചന്ദ്രൻ എന്നിവർ സംസാരിച്ചു.

# കൊടകര ജിഎൽപി സ്കൂളിൽ മട്ടുപ്പാവ് കൃഷി തുടങ്ങി

കൊടകര: കൃഷിയോടുള്ള ആഭിമുഖ്യവും പ്രകൃതി സ്നേഹവും വളർത്താൻ ലക്ഷ്യമിട്ട് കൊടകര ജിഎൽപി സ്കൂളിലെ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ മട്ടുപ്പാവ് കൃഷി ആരംഭിച്ചു.

വിദ്യാലയത്തിലെ അടുക്കളയിലെ ജൈവ മാലിന്യങ്ങളായ മുട്ടത്തോട്, കഞ്ഞി വെള്ളം എന്നിവ ശേഖരിച്ചു വളമാക്കി മാറ്റിയാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. പച്ചക്കറിത്തൈ നട്ട് കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ നിർവഹിച്ചു. വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദിവ്യ ഷാജു അധ്യക്ഷത വഹിച്ചു. പ്രധാനധ്യാപിക ടി.ആർ. ജയ, അധ്യാപിക ടി.എൻ. നമിത, ചാലക്കുടി ഉപജില്ല നൂൺ മീൽ ഓഫീസർ മധു എന്നിവർ സംസാരിച്ചു.



പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ നടന്ന സപ്തദിന ക്യാമ്പിൽ നിന്നും.



പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് സപ്തദിന ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ അതിജീവന ചരിത്രം മാസികയുടെ പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് നിർവഹിക്കുന്നു.

# സപ്തദിന ക്യാമ്പുകൾ സമാപിച്ചു

കൊരട്ടി: പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ സംഘടിപ്പിച്ച യുവജാഗരൺ - 2021 സപ്ത ദിന എൻഎസ്എസ് ക്യാമ്പ് സമാപിച്ചു.

'യുവത്വം - സ്ത്രീ സുരക്ഷയ്ക്കും തുല്യനീതിക്കും ഒപ്പം' എന്ന മുദ്രാവാക്യവുമായി സാമൂഹ്യബോധമുള്ള ഒരു യുവതയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. നാഷണൽ സർവീസ് സ്കീം സന്നദ്ധപ്രവർത്തകർ സജീവമായി ക്യാമ്പിൽ പങ്കാളികളായി.

നൈപുണ്യ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ ഡോ. കെ.ജെ പോളച്ചൻ, ഫാ. റെൻസൺ തെക്കിനേഴത്ത്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഫ്രെഡി വർഗീസ്, എൻഎസ്എസ് അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ എമിൽ ജോർജ്, എന്നിവർ പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായിരുന്നു.

പരസ്പര പിന്തുണ, ദയ, കരുണ, സ്നേഹം എന്നീ മാനുഷിക മൂല്യങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ക്യാമ്പിനോടനുബന്ധിച്ച് നടന്നത്. വാലുങ്ങാമുറി എച്ച്എം എൽപി സ്കൂളിൽ കാമ്പസ് വൃത്തിയാക്കൽ, വിവിധയിനം ചെടികളുടെ നടീൽ, ജൈവകൃഷി, സ്കൂൾ മതിലുകൾ മനോഹരമാക്കൽ തുടങ്ങിയ ശ്രമദാനവും നടന്നു.

ശുചീകരണ പ്രവർത്തനങ്ങൾ, കൃഷി, ക്യാമ്പസ് സൗന്ദര്യവത്കരണം, സമകാലീന വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ, ഓൺലൈൻ സർവേ, കലാപരിപാടികൾ തുടങ്ങിയവ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.

പനങ്ങാട്: പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് സപ്തദിന ക്യാമ്പിന്റെ സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് ഉദ്ഘാടനം ചെയ്തു.

എൻഎസ്എസ് ക്യാമ്പ് വേറിട്ട പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായി. അതിജീവനം 2021 സപ്തദിന ക്യാമ്പിൽ തനതിടം, കൃഷിയിടം സജ്ജമാക്കൽ, വയോജനങ്ങൾ നേരിടുന്ന മാനസിക വെല്ലുവിളികൾ സംബന്ധിച്ച് പഠനം, ആവാസവ്യവസ്ഥ പുനസ്ഥാപനവും കാലാവസ്ഥാവ്യതിയാനവും, ലിംഗനീതി , സമദർശൻ ,ഭരണഘടനാ സംരക്ഷണം, സമത്വം,നിയമസംരക്ഷണം ,വ്യക്തിത്വവികസനം,നാടകക്കളരിയിലൂടെ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ക്യാമ്പിൽ സംഘടിപ്പിച്ചു.

അതിജീവന ചരിത്രം മാസികയുടെ പ്രകാശനം പി.കെ ഡേവിസ് നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ്.മോഹനൻ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.എ. അയ്യൂബ്, സ്കൂൾ മാനേജർ ലോലിതടീച്ചർ ,സീനിയർ അധ്യാപിക ജീജാമണി, സ്റ്റാഫ് പ്രതിനിധി ശ്രീലത ടീച്ചർ, പിടിഎ വൈസ് പ്രസിഡന്റ് ദിലീഷ് മാസ്റ്റർ പ്രോഗ്രാം ഓഫീസർ ഇ. ആർ .രേഖ, വോളന്റിയർ ലീഡർമാരായ ലക്ഷ്മി തീർത്ഥ, മുഹമ്മദ് നിഹാസ്, ലക്ഷ്മി തീർത്ഥ തുടങ്ങിയവർ സംസാരിച്ചു.